# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടിത്തറ ഗ്രാമപഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

## കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ കാര്യാലയം, പാലക്കാട്

നമ്പർ കെഎസ്എ പികെഡി 20-1150/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, പാലക്കാട് .
ഫോൺ നമ്പർ 04912 520145.
email : dopkd.ksad@kerala.gov.in.
തീയതി : 16.08.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പട്ടിത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പട്ടിത്തറ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

## പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 7-6-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.എൻ. വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 08-06-2016 മുതൽ 15-06-2016 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.വി.സുജാത | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.മുരളീധരൻ (A.S-in charge) | 1-4-16 മുതൽ 28-12-16 വരെ |
| ശ്രീ.വൈ.നിസാർ | 29-12.16 മുതൽ 31-3-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.കെ.ജി.സൂര്യൻ | 1-4-2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീഇ.ആർ.സോമൻ | 1-4-2016 മുതൽ 31-5-2016 വരെ |
| | ശ്രീ.അജിത് മോഹൻ എൻ.കെ | 1-6-2016 മുതൽ |

| | | |
|---|---|---|
| | | 17-8-2016 വരെ |
| | ശ്രീ.കെ.പി.സുനിൽ | 18-8-16 മുതൽ<br>1-12-16 വരെ |
| | ശ്രീമതി.നീന ചന്ദ്രൻ | 2-12-16 മുതൽ<br>01-03-17 വരെ |
| | ശ്രീമതി.ജാസ്മിൻ | 2-3-17 മുതൽ<br>31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.എം.ഉഷ | 1-4-2016 മുതൽ<br>31-3-2017 വരെ |
| വി.ഇ.ഒ. | ശ്രീമതി.കെ.രമ | 1-4-2016 മുതൽ<br>18-6-2017 വരെ |
| | ശ്രീ.അബ്ദുൾ ജലീൽ | 19-6-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(PHC) | ഡോ.മിർഫത്ത് ഇബ്രാഹിം | 1-4-2016 മുതൽ<br>12-7-2016 വരെ |
| | ഡോ.വികാസ് | *13-7-2016* മുതൽ<br>*31-3-2017* വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.എം.സുജാത | 1-4-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.നിഖില രാമചന്ദ്രൻ | 1-4-2016 മുതൽ<br>3-11-2017 വരെ |
| | ഡോ.ശ്രീ ഹരി | 4-11-2016 മുതൽ<br>3-12-2016 വരെ |
| | ഡോ.നിഖില ചന്ദ്രൻ | 4-12-2016 മുതൽ<br>31-3-2017വരെ |
| വെറ്ററിനറി സർജൻ | ഡോ.അനുപമ ശശിധരൻ | 1-4-2016 മുതൽ<br>22-10-2016 വരെ |
| | ഡോ.അരുൺ പ്രസാദ് | 23-10-2016 മുതൽ<br>6-12-2016വരെ |
| | ഡോ.അനുപമ ശശിധരൻ | 7-12-2016മുതൽ<br>12-12-2016 വരെ |
| | ഡോ.വിനോദ് | 13-12-2016മുതൽ<br>22-12-2016 വരെ |
| | ഡോ.എം.മഞ്ജുഷ | 23-12-2016 മുതൽ<br>31-3-2017 വരെ |
| ഹെഡ്മ് മിസ്ട്രസ് | ശ്രീമതി.ഇ.സുലോചന | 1-4-2016 മുതൽ<br>31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ. മുരളീധരൻ | 1-4-2016 മുതൽ<br>31-3-2017 വരെ |

<u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/3-3-2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 07-06-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 09-06--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 11074896 | 44739232 | 55814128 | 38488363 | 17325765 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവു ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10898464 | 10898464 | 5891810 | 5006654 | 54.06 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12594483 | 12594483 | 7160431 | 5434052 | 56.85 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 7387863 | 7387863 | 792138 | 6595725 | 10.72 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2968800 | 2968800 | 1592186 | 1376614 | 53.63 | 0 |
| KLSGDP | 0 | 3200736 | 3200736 | 903464 | 2297272 | 28.22 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 6111638 | 6111638 | 5053011 | 1058627 | 82.67 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3618492 | 7211568 | 10830060 | 7206211 | 0 | 66.54 | 3623849 |
| MGNREGS | 260 | *17637463 | 17637723 | 17635478 | 0 | 99.99 | 2245 |
| ബി ഫണ്ട് | 0 | 110280 | 110280 | 110280 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 2016-17 | 221 | 68664004 | 98 | 28304748 | 123 | 44.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4440398 | 4504937 | (+)64539 |
| നികുതിയേതര വരവുകൾ | 354693 | 225115 | (-)129578 |
| മറ്റുവരവുകൾ | 1193992 | 714765 | (-)479227 |
| ആകെ | 5989083 | 5444817 | (-)544266 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-06-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4770/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ മോണിറ്ററിംങ് കമ്മിററി എന്നിവ രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. കുടിവെള്ളം, ടോയ് ലറ്റ് എന്നിവ ഇല്ല.

## 1-10 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി,ഒരു ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

31875രൂപയാണ് ഈ ഇനത്തിൽ പ്രതിമാസം ഒരുക്കിവരുന്നത്. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി കൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പൊതു ടാപ്പുകളുടെ വെള്ളക്കരം

വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 415 പൊതുടാപ്പുകൾക്ക് പ്രതിമാസം 181563/-രൂപ അടവാക്കിവരുന്നു. വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ നിജസ്ഥിതിയനുസരിച്ച് തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കുടിവെള്ള പദ്ധതികളുടെ പരിപാലനം

കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | | 4/2017 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻറെ ഓഡിറ്റ് | 3-4-2006 | 1997-98 to 2005-06 | 26-05-2006 | ഇല്ല |

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി ഏർപ്പെടുത്തിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതിപിരിക്കുന്നതിനു കേരളാ പഞ്ചായത്ത് രാജ് നിയമം 209- വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി) യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിനു നടപടി സ്വീകരിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1.പ്രവൃത്തിയുടെ പേര് : കാടംകുളം റോഡ് കോൺക്രീറ്റിംങ്

പ്രൊജക്റ്റ് നം : 181/16(MG റോഡ്)

അടങ്കൽ : 125000/-

പി.എ.സി :124115/-

ചെലവ് : 93252/-

ബിൽ നം : 9/16-17 dt 7.03.2017

കരാറുകാരൻ : പി.കെ.മുഹമ്മദ്

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 08.08.2016 ലെ 3(7) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 28.8.2016

എഗ്രിമെന്റ് വെച്ച തീയതി :29.12.2016

ഈടാക്കേണ്ട പിഴ : 124115 x 1%= 1241 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 1241 രൂപ

2.പ്രവൃത്തിയുടെ പേര് : മണാട്ടുകുളങ്ങര-ആലിമുഹമ്മദ് വീട് റോഡ് കോൺക്രീറ്റിംങ്(പ്രോജ.നം.245/17-പ്ലാൻ(ജനറൽ)

അടങ്കൽ :155000 /-

പി.എ.സി :152972/-

ചെലവ് : 152550/-

ബിൽ നം : 12/16 -17, 7.03.2017

കരാറുകാരൻ : ടി.കെ.മുഹമ്മദ്

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 27.12.2016 ലെ 2(31) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 17-1-2016

എഗ്രിമെന്റ് വെച്ച തീയതി :10.2.2017

ഈടാക്കേണ്ട പിഴ : 152972 x 1%= 1529 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 1529 രൂപ

3.പ്രവൃത്തിയുടെ പേര് : ആലപ്പറമ്പ് മിനി കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം : 265/17(KLSGDP)

അടങ്കൽ : 400000/-

പി.എ.സി :389013/-

ചെലവ് : 85264/-

ബിൽ നം : 13/16 -17dt 23.03.2017

കരാറുകാരൻ : കെ.പി.സിദ്ദിക്കൽ അക്ബർ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 27.12.2016 ലെ 2(39) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 17-1-2017

എഗ്രിമെന്റ് വെച്ച തീയതി :13.2.2017

ഈടാക്കേണ്ട പിഴ : 389013 x 1%= 3890 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 3890 രൂപ

4.പ്രവൃത്തിയുടെ പേര്:കാലടി-പത്താലക്കുന്ന് ടcകോളണി റോഡ് കോൺക്രീറ്റിംങ് & റി ടാറിംങ്

പ്രൊജക്റ്റ് നം : 256/17()പ്ലാൻ-SCP

അടങ്കൽ : 300000/-

പി.എ.സി :297916/-

ചെലവ് : 99228/-

ബിൽ നം : 14/ 23.03.2017

കരാറുകാരൻ : ഇ.വി.മൊയ്തുണ്ണി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 27.12.2016 ലെ 2(39) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 17-1-2017

എഗ്രിമെന്റ് വെച്ച തീയതി :13.2.2017

ഈടാക്കേണ്ട പിഴ : 297916 x 1%= 2979 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 2979 രൂപ

5.പ്രവൃത്തിയുടെ പേര്: വള്ളിലപ്പുള്ളി റോഡ് മെറ്റലിംങ്-ടാറിങ്

പ്രൊജക്റ്റ് നം : 238/17പ്ലാൻ-ജനറൽ

അടങ്കൽ : 75382/-

പി.എ.സി :75382/-

ചെലവ് : 75382/-

ബിൽ നം : 4/ 15.10.16

കരാറുകാരൻ : സക്കീർ ഹുസൈൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 5-3-15 ലെ 1(1) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 25-3-2015

എഗ്രിമെന്റ് വെച്ച തീയതി :22-2-16

ഈടാക്കേണ്ട പിഴ : 75382 x 1%= 1000 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 1000 രൂപ

7.പ്രവൃത്തിയുടെ പേര്: ഗോപാലൻ പടി റോഡ് മെറ്റലിംങ് ടാറിംങ്

പ്രൊജക്റ്റ് നം : 57/17പ്ലാൻ-ജനറൽ

അടങ്കൽ : 2,50,000/-

പി.എ.സി :249484/-

ചെലവ് : 250000/-

ബിൽ നം : 3/ 19.10.16

കരാറുകാരൻ : സക്കീർഹുസ്സൈൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 14-7-15 ലെ 2(18) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 25-7-15

എഗ്രിമെന്റ് വെച്ച തീയതി :22-2-16

ഈടാക്കേണ്ട പിഴ : 249484 x 1%= 2494 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 2494 രൂപ

8. പ്രവൃത്തിയുടെ പേര്: താനക്കാട്-കുണ്ടുകാട് പള്ളി റോഡ്

പ്രൊജക്റ്റ് നം :46 /16പ്ലാൻ-ജനറൽ

അടങ്കൽ :150000 /-

പി.എ.സി-147311/-

ചെലവ് :150000 /-

ബിൽ നം :2 / 19.10.16

കരാറുകാരൻ : സക്കീർഹുസ്സൈൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 14-7-15 ലെ 2(8) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 25-7-15

എഗ്രിമെന്റ് വെച്ച തീയതി :22-2-16

ഈടാക്കേണ്ട പിഴ-147311 x 1%= 1473 രൂപ

ഈടാക്കിയ പിഴ : ഇല്ല

ബാക്കി-1473 രൂപ

നിയമാനുസൃത സമയപരിധിക്ക് 10 മാസത്തിനു ശേഷം കരാർ ചമയ്ക്കുന്നത് തികച്ചും ക്രമവിരുദ്ധമാണ്. മേൽപറഞ്ഞ പ്രകാരം നഷ്ടം വന്ന തുക 14,606/- രൂപ(1241+1529+3890+2979+1000+2494+1473) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ ആവശ്യത്തിൽ കൂടുതൽ വസ്തുക്കൾ വാങ്ങിയത് മൂലം 208000/-രൂപ സർക്കാരിന് നഷ്ടമുണ്ടാക്കി

പദ്ധതി നമ്പർ ടഠഠ 47/2017

അടങ്കൽ 460000/-

ചെലവ് 460000/-

ട്രഷറി ബിൽ നമ്പർ 5/31-3-2017

ഫണ്ട് വികസനം (എസ്.സി.പി)

ഹെഡ്മിസ്ട്രസ്, ജി,എൽ.പി.എസ് കക്കാട്ടിരി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് - പട്ടിത്തറ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (പഠനോപകരണങ്ങൾ) വാങ്ങി വിതരണം ചെയ്യുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.അംഗീകരിച്ച പദ്ധതിയിലെ ക്രമനമ്പർ 33 പ്രകാരം 115വിദ്യാർത്ഥികൾക്ക് ഒരു യൂണിറ്റിന് 4000 രൂപ(ഒരു മേശ ,ഒരു കസേര ആകെ 460000/-രൂപ) റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങേണ്ടിയിരുന്നത് .ഈ പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്

1) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

2) പഞ്ചായത്ത് ഭരണസമിതിയുടെ 4-1-2016ലെ 1(1) നമ്പർ തീരുമാനപ്രകാരം 121 കുട്ടികളുടെ ലിസ്റ്റ് ആണ് നൽകിയതെങ്കിലും പദ്ധതി 115 പേർക്ക് മാത്രമാണ് തയ്യാറാക്കിയത്.

3) സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ളത് 63 പേർക്ക് മാത്രമാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് 3/15-6-2017 ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

4) ആവശ്യം വിലയിരുത്താതെ പദ്ധതി ഫണ്ട് ചെലവഴിച്ചതിനാൽ സർക്കാരിന് 208000/- (52*4000) നഷ്ടമുണ്ടാക്കി. ഇത്രയും സാധനങ്ങൾ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. 115 പേരിൽ 63 പേർക്ക് മാത്രമേ പഠനോപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളൂ. 52 വിദ്യാർത്ഥികൾക്കുള്ള മേശയും കസേരയും സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇവയുടെ വില 5x4000 = 2,08,000.00 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ആട്ട വിതരണം (ജനറൽ), ആട്ട വിതരണം (എസ്.സി), കിടാരി വിതരണം (ജനറൽ), കിടാരി വിതരണം(എസ്.സി) എന്നീ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കളുടെ അർഹത തെളിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊജക്ട്, ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. പ്രൊജക്ട് നമ്പർ 132/ 16-17

പ്രൊജക്ടിന്റെ പേര് ആട്ട വളർത്തൽ (ജ)

അടങ്കൽ പദ്ധതി വിഹിതം- 432000

ഗുണ. വിഹിതം - 468000

ആകെ -900000

ആകെ യൂണിറ്റ് എണ്ണം 36

യൂണിറ്റ് സബ്സിഡി തുക 12000

യൂണിറ്റ് ഗുണ. വിഹിതം 13000

ചെലവ് 432000

ബിൽ നം. ( P1/16-17 തീ. 21.3.17 -1,80,000

P7/16-17 തീ.21.3.17 2,52,000

ആകെ 4,32,000

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച സബ്സിഡി തുക | റേഷൻ കാർഡ് നം | ഹാജരാക്കാത്തരേഖകൾ |
|---|---|---|---|
| ശ്രീമതി രമണി W/O കൃഷ്ണൻ കുട്ടി, കൊട്ടപ്പുഞ്ചയിൽ, പട്ടിത്തറ | 12000 | APL -1948086113 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം |
| ശ്രീമതി നബീസ .കെ, കക്കാട്ടിൽ, കോട്ടോപ്പാടം, പട്ടിത്തറ | 12000 | APL 1948141678 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം |

II. പ്രൊജക്ട് നമ്പർ 128/ 16-17

പ്രൊജക്ടിന്റെ പേര് ആട്ട വളർത്തൽ (എസ്.സി.പി)

അടങ്കൽ പദ്ധതി വിഹിതം- 270000

ഗുണ. വിഹിതം - 90000

ആകെ -360000

ആകെ യൂണിറ്റ് എണ്ണം 24

യൂണിറ്റ് സബ്സിഡി തുക 11250

യൂണിറ്റ് ഗുണ. വിഹിതം 3750

ചെലവ് 270000

ബിൽ നം ( P2/16-17 തീ. 21.3.17 തുക 213750/-

P8/16-17 തീ. 21.3.17 തുക 56250/-

ആകെ 270000

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഗുണഭോക്താവിന്റെ | | | |
|---|---|---|---|

| | | | |
|---|---|---|---|
| പേരും വിലാസവും | അനുവദിച്ച സബ്സിഡി തുക | റേഷൻ കാർഡ് നം | ഹാജരാക്കാത്തരേഖകൾ |
| സരോജിനി W/O ഭാസ്കരൻ, അത്താണിപ്പറമ്പിൽ, കരിമ്പനക്കുന്ന്, അങ്ങാടി പി.ഒ | 11250 | APL1948153635 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം |
| മുല്ല, W/O ചാത്ത, കൊക്കർണ്ണി ഞാലിൽ, കുറ്റനാട് പി.ഒ | 11250 | APL1948144175 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം |

III. പ്രൊജക്റ്റ് നമ്പർ 120/ 16-17

പ്രൊജക്റ്റിന്റെ പേര് കിടാരി വിതരണം (ജ)

അടങ്കൽ പദ്ധതി വിഹിതം- 300000

ഗുണ. വിഹിതം - 339600

ആകെ -639600

ആകെ യൂണിറ്റ് എണ്ണം 60

യൂണിറ്റ് സബ്സിഡി തുക 5000

യൂണിറ്റ് ഗുണ. വിഹിതം 5660

ചെലവ് 300000

ബിൽ നം. ( P3/16-17 തീ. 21.3.17 -2,15,000

P9/16-17 തീ.21.3.17 85000

ആകെ 300000

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച സബ്സിഡി തുക | റേഷൻ കാർഡ് നം | ഹാജരാക്കാത്തരേഖകൾ |
|---|---|---|---|
| ദേവകി W/O കുമാരൻ, പനങ്കാവിൽ, പട്ടിത്തറ | 5000 | APL1948086091 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം, എഗ്രിമെന്റ്, ഉരുവിനെ കൈപ്പറ്റിയ രശീതി |

IV. പ്രൊജക്റ്റ് നമ്പർ 126/ 16-17

പ്രൊജക്റ്റിന്റെ പേര് കിടാരി വിതരണം (എസ്.സി.പി)

അടങ്കൽ പദ്ധതി വിഹിതം- 112500

ഗുണ. വിഹിതം - 47400

ആകെ -159900

ആകെ യൂണിറ്റ് എണ്ണം 15

യൂണിറ്റ് സബ്സിഡി തുക 7500

യൂണിറ്റ് ഗുണ. വിഹിതം 2500

ചെലവ് 112500

ബിൽ നം. ( P4/16-17 തീ. 21.3.17 -112500

ആകെ 112500

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച സബ്സിഡി തുക | റേഷൻ കാർഡ് നം | ഹാജരാക്കാത്തരേഖകൾ |
|---|---|---|---|
| ശാന്ത പി.കെ.,<br>W/O ഉണ്ണികൃഷ്ണൻ പി.കെ.<br>പതലക്കുന്നത്ത്,<br>മല, കക്കാട്ടിരി | 7500 | APL1948163579 | വരുമാനം തെളിയിക്കുന്ന സാക്ഷ്യ പത്രം |

മേൽ പറഞ്ഞ രേഖകൾ 15.6.17 നകം പരിശോധനയ്ക്ക് ഹാജരാക്കനാവശ്യപ്പെട്ട് 13.6.17 ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ,രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല . ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ടി ഗുണഭോക്താക്കൾക്ക് നൽകിയ 59000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഭവനം പുനരുദ്ധാരണം- വി.ഇ.ഒ നടപ്പാക്കിയ പദ്ധതി- പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

പ്രൊജക്ട് നമ്പർ 06/16-17

പ്രൊജക്ടിന്റെ പേര് ഭവനം റിപ്പയർ (ജനറൽ)

അടങ്കൽ 480000 ( വികസന ഫണ്ട്)

ആകെ ഗുണഭോക്താക്കളുടെ എണ്ണം 30

ധനസഹായത്തുക 15000 രൂപ വീതം
പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗ രേഖ GO (MS) 362/13 തീ. 16.11.13. അനുബന്ധം-16 തദ്ദേശ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ രേഖ- ഖണ്ഡിക 3.6 – ക്രമനം-5 പ്രകാരം പുതിയ വീട് നിർമിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ . എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സാമ്പത്തികാനുകൂല്യം നൽകുന്നതിനു മുമ്പ് ഈ നിബന്ധന പാലിച്ചുകൊണ്ടുള്ള സാക്ഷ്യ പത്രം ( പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ചത്) ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് ഇതേയിനത്തിന് മുമ്പ് സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഇതേയിനത്തിൽ മുമ്പ് സാമ്പത്തികാനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഗുണഭോക്താവ് സമർപ്പിച്ച ഒരു കത്തിന്റെ പിൻബലത്തിലാണ് ധനസഹായംനൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

ഭവനപുനരുദ്ധാരണത്തിന് എല്ലാ വർഷവും പ്രൊജക്ട് നടപ്പാക്കുന്നുണ്ട്. വി.ഇ.ഒ ക്ക് നൽകപ്പെടുന്ന അലോട്ട്മെന്റിൽ സിംഹഭാഗവും ഇത്തരം പ്രൊജക്ടുകളുടെ നടത്തിപ്പിനാണ് വിനിയോഗിക്കപ്പെടുന്നത്. അതു കൊണ്ട് തന്നെ, പൊതു ഫണ്ട്

ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കാൻ,ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും ആവശ്യമായ രേഖകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-5 ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഹെഡ് മിസ്സ്ട്രസ്സ് നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകളുണ്ട്

1)പദ്ധതി നമ്പർ -42/17

എസ്.എസ്.എൽ.സി ,+2 തുല്യത

പരീക്ഷാ ഫീസ്

വികസനഫണ്ട് 40000/-

ഫണ്ട് വിഭജനം

എസ്.എസ്.എൽ.സി 31500, +2 7800 + ഫീസ് 700 = ആകെ 40000

ട്രഷറി ബിൽ നമ്പർ - 7/31-3-2017

അംഗീകരിച്ച പദ്ധതി പ്രകാരം പട്ടിത്തറ പഞ്ചായത്തിലെ പത്താം തരം ,പ്ലസ് ടു തുല്യത പരീക്ഷാർത്ഥികൾക്ക് വേണ്ടി പരീക്ഷാ ഫീസ് നൽകുന്നതാണ് പദ്ധതി .

1.1) എന്നാൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം, അറ്റൻഡൻസ് ,പരീക്ഷാ റിസൾട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച 40000/- തുക തടസ്സപ്പെടുത്തുന്നു

2)സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങൽ

പദ്ധതി നമ്പർ SOO 36/2017

അടങ്കൽ 200000/-

ട്രഷറി ബിൽ നമ്പർ 6/31-3-2017

തുക 200000/-

അംഗീകരിച്ച പദ്ധതിയിലെ ക്രമനമ്പർ 33 പ്രകാരം ഒരു മേശക്ക് 25000/-വെച്ച് 8മേശകളാണ് റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ടത്. ഇതിന് പ്രൊക്യർമെന്റ് കമ്മറ്റി അംഗീകാരം നൽകിയിട്ടുണ്ട് .

എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് ARTCO യുടെ ഇൻവോയ്സ് നമ്പർ 125/24-3-2017 പ്രകാരം താഴെ പറയുന്നവയാണ് വാങ്ങിയിരിക്കുന്നത്.

സ്റ്റീൽ ഡെസ്ക് 17

-ടി- ബെഞ്ച് 17

-ടി- അലമാര 3

-ടി- മേശ 5

-ടി- കസേര 1

മേൽ പരാമർശിച്ച വസ്തുക്കൾ സ്കൂളുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും GLP സ്കൂൾ ആലൂർ ഒഴികെ മറ്റ് സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ

അതത് സ്കൂളുകളിലേക്ക് അനുവദിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്ത സ്കൂളുകളിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറി - ഹോംകോയിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രൊജക്ട് നമ്പർ S0012/16-17

അടങ്കൽ 600000 രൂപ

ചെലവ് 600000 രൂപ

(ബിൽ നമ്പർ 01/16-17 തീയ്യതി.27.12.16)

ഡി.ഡി. നം 096487/28.12.17 തുക 600000

2016-17 സാമ്പത്തിക വർഷത്തിൽ പട്ടിത്തറ ഹോമിയോ ഡിസ്പെൻസറി മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 600000 രൂപ പിൻവലിച്ച് , ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആകെ 254150 രൂപയുടെ മരുന്ന് മാത്രമാണ് ഹോംകോ വിതരണംചെയ്തിട്ടുള്ളത്. ഇനിയും 345850 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട് ആയത് ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. മരുന്നിനായി തുകയും ഇൻഡന്റും ഹോംകോയ്ക്ക് കൈമാറുന്നതിന് മുൻപുതന്നെ മരുന്നു വിതരണം നടത്തുന്ന കാലപരിധി സംബന്ധിച്ച് വ്യവസ്ഥയുൾപ്പെടുത്തി ഉടമ്പടി വയ്ക്കുന്നത് നന്നായിരിക്കും.

## 3-7 കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന നിഷ്ക്രിയ നിക്ഷേപം തിരിച്ചടക്കാൻ നടപടി സ്വീകരിക്കണം

പട്ടിത്തറ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീയുടെ പേരിലുള്ള പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ 535- നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുകകൾ ഇനിയും തിരിച്ചടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ട് ഇനം | വർഷം | തുക |
|---|---|---|---|
| 1 | പ്ലാൻ ( വി.ഇ.ഒ) | 2006-07 | 787950 |
| 2 | ജില്ലാ പഞ്ചായത്ത് ( പ്ലാൻ) | 2006-07 | 42500 |
| 3 | റിവോൾവിംഗ് ഫണ്ട് | 2006-07 | 48686 |
| 4 | കമ്പ്യൂട്ടർ | - | 18419 |
| | ആകെ | | 897555 |

വർഷങ്ങളായി അവശേഷിക്കുന്ന ഈ തുക തിരിച്ചടക്കാൻ 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ 'ടി തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 തെരുവു വിളക്കുകളുടേയുംപൊതു ടാപ്പുകളുടേയും എണ്ണം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉപയോഗിക്കുന്ന പൊതു ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ 181563 രൂപ പ്രതിമാസം ഒടുക്കി വരുന്നു. പ്രതി വർഷം ഈയിനത്തിൽ 2178750 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നു. രേഖകളുടെ പരിശോധനയിൽ വിവിധ പ്രദേശങ്ങളിലായി ആകെ 415 പൊതു ടാപ്പുകളുണ്ടെന്ന് കാണുന്നു. എന്നാൽ പൊതു ടാപ്പുകളുടെ എണ്ണം ഔദ്യോഗികമായി നിജപ്പെടുത്തുന്നതിന്റെ ഭാഗമായി , സർക്കാർ നിർദ്ദേശ പ്രകാരം, ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രതിമാസം ഒടുക്കി വരുന്ന ഭീമമായ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.സംയുക്ത പരിശോധന നടത്തിടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ 2015-16-ലെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും നടപടികളൊന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല.

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 31875 രൂപ പ്രതിമാസം ഒടുക്കി വരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സാധാരണ ബൾബ് 40W | 19 | 61 | 1159 |
| 2 | ട്യൂബ് 2x40W | 20 | 124 | 2480 |
| 3 | SVL250W | 5 | 414 | 2070 |
| 4 | CFL 2x11 | 165 | 14 | 2310 |
| 5 | ബൾബ് 40W | 76 | 61 | 4636 |
| 6 | ട്യൂബ് 40 W | 45 | 61 | 2745 |
| 8 | ട്യൂബ് 2x40 W | 36 | 124 | 4464 |
| 7 | SVL 250W | 23 | 414 | 9522 |
| 8 | CFL 1x11 W | 125 | 7 | 875 |
| 9 | CFL 1x18 W | 82 | 12 | 984 |
| 10 | CFL 2x11 W | 45 | 14 | 630 |
| | ആകെ | | | 31875 |

മേൽ പറഞ്ഞ ഇനങ്ങളിൽ മുഴുവൻ വിളക്കുകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്താനാകുന്നില്ല. പഞ്ചായത്ത് നാളിതുവരെ വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ആയതിനാൽ , മേൽ പറഞ്ഞ വിഷയങ്ങളിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാനും സംയുക്ത പരിശോധന നടത്തുവാനും പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## 3-9 എസ്.എസ്.എ.വിഹിതം നൽകൽ,വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ,തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മിസ്സ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി എസ്.എസ്.എക്ക് 2016-17 ൽ വിവിധ പദ്ധതികളിലായി കൈമാറിയ താഴെ പറയുന്ന തുകകൾക്ക് സർക്കാർ ഉത്തരവ് അനുശാസിക്കുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച താഴെ പറയുന്ന തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്ര.നം | പദ്ധതി നമ്പർ/ അടങ്കൽ | ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
|---|---|---|---|
| 1 | 37/2016-17/, 663600/- | 1/17-3-2017 | 580050/- |
| 2 | | 2/17-3-2017 | 83550/ |
| 3 | 43/16-17/ 220000/- | 3/17-3-2017 | 220000/- (SCP) |
| | | ആകെ | 883600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (3/15-6-2017) നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. 2016-17 ൽ നൽകിയ എസ്.എസ്.എ വിഹിതം, ഔട്ട്പേ പ്രകാരം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ തന്നെ ചെലവഴിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-10 സാക്ഷരതാ പ്രേരകിന് നൽകിയ തുക റീക്കൂപ്പ് ചെയ്യേണ്ടതാണ്

2016-17 വർഷത്തിൽ സാക്ഷരത പ്രേരകിന് പേമന്റ് വൗച്ചർ നമ്പർ 51600735/15-3-2017, പേമന്റ് ബിൽ നമ്പർ 21600731/15-3-2017 പ്രകാരം തനത് ഫണ്ടിൽ നൽകിയ 22238/-രൂപ കേരള സാക്ഷരതമിഷനിൽ നിന്നും ഈടാക്കിപഞ്ചായത്തിന്റെ തനതു ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 480000/- (ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി പ്രാരംഭകൃഷി ചെലവിന് അംഗീകാരം (പ്രോജ.നം. 134/16-17) | 0 | 480000/- |

| | | | | |
|---|---|---|---|---|
| | 50000/-<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകയൊന്നും നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഒന്നുമില്ല**

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ ത്തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 647/2010തസ്വഭവ തി.25-2-2010 | 1600000 | 800000 | --- | 585488 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേരുംഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2007-08 | 3(4) | 1700/- | പി.പ്രേമൻ,സെക്രട്ടറി | 11601100654/22-5-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | സമാഹൃത | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| ഖണ്ഡിക നം. | റിപ്പോർട്ട് വർഷം | | |
|---|---|---|---|
| 2011-12 (വിഷയാധിഷ്ഠിത അവലോകനം) | 2014-15 ഖ.നം.4.2.4 | പഞ്ചായത്തിലെ അമ്പലക്കടവിൽ നിന്ന് 2009-10 മുതൽ 2013-14 വരെ മണൽ അധിക ഖനനം നടത്തിയതു സംബന്ധിച്ച് | അപാകത പരിഹരിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44739232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38488363 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 222606 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 99000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14606/- | ശ്രീ.കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ |
| 3-2 | 208000/- | ശ്രീമതി.ഇ.സുലോചന, ഹെഡ് മിസ്ട്രസ് |
| ആകെ | 222606/- | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 59000 | ശ്രീമതി.എം.മഞ്ജൂഷ. വെറ്ററിനറി സർജൻ |
| 3-5(1) | 40000 | ശ്രീമതി.ഇ.സുലോചന, ഹെഡ് മിസ്ട്രസ് |
| ആകെ | 99000 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ജി.സൂര്യൻ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പട്ടിത്തറ ഗ്രാമപഞ്ചായത്ത് | കരിയാട്ട് വീട്,ചിയ്യാരം<br>(പി.ഒ) തൃശ്ശൂർ ജില്ല<br>680026 |
| ശ്രീമതി.ഇ.സുലോചന,<br>ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്.ജി.എൽ.പി.എസ്.<br>കക്കാട്ടിരി | അയനം പറമ്പത്ത് വീട്,മല<br>പി.ഓ, കക്കാട്ടിരി-679534 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP9-589/08/ തി.18.1.99 | FR |
| 1997-98 | LF P20-1691/12/തി.3.11.12 | -do- |
| 1998-99 | LF P9-191/02 തി.15.3.12 | -do- |
| 1999-00 | LF P11/415/05 തി 5.7.04 | -do- |
| 2000-01 | LFP11/155/07 തി 28.7.08 | -do- |
| 2001-02 | LFP20/1391/11 തി22.12.11 | -do- |
| 2002-03 | LFP11/776/05 തി. 7.08.06 | -do- |
| 2003-04 | LFP20/1307/11തി. 27.12.11 | -do- |
| 2004-05 | LF P20/1303/11 തി. 27.12.11 | -do- |
| 2005-06 | LFP20/1304/11 തി. 2.01.12 | -do- |
| 2006-07 | LFP20/1305/11 തി.3.1.12 | -do- |
| 2007-08 | LF P20/1105(1)/12തി.17.9.12 | -do- |

| | | |
|---|---|---|
| 2008-09 | LFP20/1106(1)/12 തി.26.9.12 | -do- |
| 2009-10 | LFP20/1107(1)/12 തി.14.9.12 | -do- |
| 2010-11 | LFP20/1107/13 തി.10.10.13 | -do- |
| 2011-12 | LFP20/1802/2014 തി.9.1.2015 | -do- |
| 2012-13<br>2013-14<br>2014-15 | KSA-PKD-20/599/16 തി.4-4-2016 | -do- |
| 2015-16 | KSA-PKD-20/165/17 തി.30-1-2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## അനുബന്ധം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ

സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടിത്തറ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

ന്യൂനതാ സംഗ്രഹം -വാർഷിക ധനകാര്യപത്രിക – 2016-17

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## CERTIFICATE

Certified that I have examined the Annual Financial Statement of PATTITHARA GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of PATTITHARA GRAMA PANCHAYATH prepared for the year 2016-2017 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director.

## Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. The figures shown in AFS, are not in agreement with the Sanchaya Software

Deputy Director.